ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 31.05.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ജനസേവനമാണ് മികച്ച ഭരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മധ്യപ്രദേശിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   Public service is the best form of governance, says Prime Minister Narendra Modi; PM launches various development projects in Madhya Pradesh.

2. തുർക്കി എയർലൈൻസുമായുള്ള കരാർ മൂന്ന് മാസത്തിനുള്ളിൽ അവസാനിപ്പിക്കാൻ ഇൻഡിഗോ എയർലൈൻസിന് നിർദേശം നൽകി കേന്ദ്ര സർക്കാർ.

   Government asks IndiGo airlines to stop lease of Turkish aircraft after Ankara's support for Pakistan.

3. കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴ തുടരും. വ്യാപക നാശനഷ്ടം, നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ്.

   Heavy rains to continue in Kerala. Widespread damage reported. River flood warning issued.

4. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. എൽ ഡി എഫ്, യു ഡി എഫ് സ്ഥാനാർത്ഥികളുടെ പത്രികാ സമർപ്പണം ഇന്ന്.

   Political parties fronts intensify campaigning for Nilambur by-election; LDF and UDF candidates to file nominations today.

5. അമേരിക്കൻ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്റ്റീൽ ഇറക്കുമതി തീരുവ 50 ശതമാനമായി വർദ്ധിപ്പിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

US President Donald Trump announces doubling of tariffs on steel imports to 50 percent to protect American industry.

********************************

## PM-MP VISIT

ജനസേവനമാണ് മികച്ച ഭരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മധ്യപ്രദേശിലെ ഭോപ്പാലിൽ ലോക്മാതാ ദേവി അഹല്യഭായ് ഹോൾക്കറുടെ 300-ാംജന്മവാർഷികത്തോടനുബന്ധിച്ച് നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മധ്യപ്രദേശിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു. ദാതിയ, സത്ന വിമാനത്താവളങ്ങളുടെ ഉദ്ഘാടനവും നിർവഹിച്ച അദ്ദേഹം ക്ഷിപ്ര നദിയിൽ 860 കോടി രൂപയിലധികം വിലമതിക്കുന്ന ഘാട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനവും നടത്തി.

****************

## ALL PARTY DELEGATION (Intro

ഭീകരവാദത്തിനെതിരെയുള്ള ഇന്ത്യൻ നിലപാട് ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നതിനായി നിയോഗിച്ച ഇന്ത്യൻ പാർലമെൻററി സർവ്വ കക്ഷി സംഘങ്ങളുടെ പര്യടനം തുടരുന്നു. കോൺഗ്രസ് എംപി ശശി തരൂരിൻറെ നേതൃത്വത്തിലുള്ള സംഘം കൊളംബിയ ഉപവിദേശകാര്യ മന്ത്രിയുമായും ഏഷ്യ-പസഫിക് മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി. സമീപകാല സംഭവങ്ങളെക്കുറിച്ചുള്ള ഇന്ത്യയുടെ നിലപാട് കൂടിക്കാഴ്ചയിൽ ചർച്ചയായതായി ശ്രീ ശശി തരൂർ പറഞ്ഞു.

(ഹോൾഡ്)

****************

## CENTRE – INDIGO

തുർക്കി എയർലൈൻസുമായുള്ള വിമാന പാട്ടക്കരാർ മൂന്ന് മാസത്തിനുള്ളിൽ അവസാനിപ്പിക്കാൻ ഇൻഡിഗോ എയർലൈൻസിന് നിർദേശം നൽകി കേന്ദ്ര സർക്കാർ. ഡൽഹി ഉൾപ്പെടെ ഇന്ത്യയിലെ ഒമ്പത് പ്രധാന വിമാനത്താവളങ്ങളിൽ സർവീസുകൾ നടത്തിയിരുന്ന, തുർക്കിയുമായി ബന്ധപ്പെട്ട സെലെബി ഏവിയേഷന്റെ സുരക്ഷാ അനുമതി സർക്കാർ റദ്ദാക്കിയതിന് പിന്നാലെയാണ് നടപടി. തുർക്കി എയർലൈൻസിൽ നിന്ന് രണ്ട് ബോയിംഗ് 777 വിമാനങ്ങൾ പാട്ടത്തിനെടുത്ത് സർവ്വീസ് നടത്താൻ ഇൻഡിഗോയ്ക്ക് മെയ് 31 വരെ അനുമതി ഉണ്ടായിരുന്നു.

****************

## GOVT – OILS

പാചക എണ്ണകളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ പത്ത് ശതമാനമായി കുറച്ച് കേന്ദ്ര സർക്കാർ. അസംസ്കൃത പാം ഓയിൽ, സോയാബീൻ ഓയിൽ, സൺഫ്ലവർ ഓയിൽ എന്നിവയുടെ തീരുവയാണ് കുറച്ചത്. പാചക എണ്ണകളുടെ ചില്ലറ വിൽപ്പന വില കുറയ്ക്കുന്നതിനും ആഭ്യന്തര സംസ്കരണ കമ്പനികളെ സംരക്ഷിക്കുന്നതിനുമാണ് നടപടി. ഇതുസംബന്ധിച്ച വിജ്ഞാപനം ധനകാര്യ മന്ത്രാലയം ഇന്നലെ അടിയന്തര പ്രാബല്യത്തിൽ കൊണ്ടുവന്നു. അതെസമയം, ശുദ്ധീകരിച്ച എണ്ണയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ 32.5 ശതമാനമായി തുടരും.

****************

## FOREX RESERVES

രാജ്യത്തെ വിദേശ നാണ്യ ശേഖരത്തിൽ 690 കോടി ഡോളറിൻറെ വർദ്ധന. ഈ മാസം 23 ഓടു കൂടി വിദേശനാണ്യ ശേഖരം 692.7 ബില്ല്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. വിദേശ കറൻസികളുടെ ശേഖരം 586.1 ബില്ല്യൺ ഡോളറായും സ്വർണത്തിൻറെ ശേഖരം 83.58 ബില്ല്യൺ ഡോളറായും ഉയർന്നിട്ടുണ്ട്.

****************

## DEFENCE EXPORTS

പ്രതിരോധമേഖലയിലെ ആത്മനിർഭർത രാജ്യത്തിന്റെ തന്ത്രപരമായ സ്വയംഭരണം സംരക്ഷിക്കുന്നതിന് മാത്രമല്ല, വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും നിർണായകമാണെന്ന് പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ്. ന്യൂഡൽഹിയിൽ പ്രതിരോധ കോൺക്ലേവിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. മിസൈലുകൾ, റോക്കറ്റ് ലോഞ്ചറുകൾ, ഡോർണിയർ വിമാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രതിരോധ ഉൽപ്പന്നങ്ങൾ നൂറിലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കയറ്റുമതി ചെയ്യുന്നുണ്ടെന്ന് പ്രതിരോധ സെക്രട്ടറി പറഞ്ഞു.

****************

## INDIA – BRAZIL – SHANGRILA DIALOGUE

ഷാങ്ഗ്രില ഡയലോഗ് 2025 ൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തി ഇന്തോ-പസഫിക് മേഖലയ്ക്കുള്ള സ്വതന്ത്രമായ പ്രതിബദ്ധത വീണ്ടും ഉറപ്പാക്കി ഇന്ത്യയും ബ്രസീലും. സംയുക്ത സൈനിക മേധാവി, ജനറൽ അനിൽ ചൗഹാനും ബ്രസീൽ സായുധ സേനയുടെ ചീഫ് ഓഫ് സ്റ്റാഫ്, അഡ്മിറൽ അഗ്യുയർ ഫ്രെയറും നടത്തിയ ചർച്ചയിൽ പ്രാദേശിക സുരക്ഷ, സുസ്ഥിര വികസനം എന്നിവയ്ക്ക് ഊന്നൽ നൽകി.

****************

## NO TOBACCO DAY

പുകയില ഉപയോഗത്തിന്റെ അപകടങ്ങൾക്കെതിരായ അവബോധം ലക്ഷ്യമിട്ട് ഇന്ന് ലോക പുകയില വിരുദ്ധ ദിനം. ലോകമെമ്പാടുമായി ഏകദേശം 1.3 ബില്യൺ ആളുകൾ പുകയില ഉപയോഗിക്കുന്നു എന്നാണ് WHO യുടെ കണക്കുകൾ. പുകയിലയുടെ രണ്ടാമത്തെ വലിയ ഉപഭോക്താവും ഉത്പാദകരുമാണ് ഇന്ത്യ. 1987 ലാണ് ലോക പുകയില വിരുദ്ധ ദിനം ആദ്യമായി ആചരിച്ചത്.

****************

## RAIN-KERALA

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴ തുടരും. ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. 10 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. വരും മണിക്കൂറിൽ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

****************

## Pathanamthitta -Mazha (INTRO)

പത്തനംതിട്ട ജില്ലയിലെ അപ്പർ കുട്ടനാടൻ മേഖല ഉൾപ്പെടെ താഴ്ന്ന പ്രദേശങ്ങളിൽവ്യാപകമായി വെള്ളം കയറി.

സംസ്ഥാന പാതയിൽ വെള്ളം കയറിയതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള സർവീസുകൾ നിർത്തിവച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(വോയ്സ്)

****************

## Kannur Mazha- (INTRO)

കണ്ണൂരിൽ ഇന്ന് പകൽ മഴയുടെ ശക്തികുറഞ്ഞു. എങ്കിലും മഴക്കെടുതിയുടെ തീവ്രത കുറഞ്ഞിട്ടില്ല. വലിയ തോതിലുള്ള കൃഷി നാശവുമുണ്ടായി.

കടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയ്സ്)

****************

## Nilamboor - P V Anwar

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. എൽ ഡി എഫ് സ്ഥാനാർത്ഥി എം സ്വരാജും യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തും പ്രചാരണ രംഗത്ത് സജീവമാണ്. ഇരുവരും ഇന്ന് നാമനിർദേശ പത്രിക സമർപ്പിക്കും. അതെസമയം, ഉപതിരഞ്ഞെടുപ്പിൽ മൽസരിക്കാനോ യുഡിഎഫിൽ ചേരാനോ ഇല്ലെന്ന് പി.വി.അൻവർ വ്യക്തമാക്കി. നിലമ്പൂരിൽ ആർക്ക് വോട്ട് ചെയ്യണമെന്ന് ജനം തീരുമാനിക്കട്ടെയെന്നും സിപിഎമ്മുമായി ഒരു ചർച്ചയ്ക്കും ഇല്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

****************

## VIKASIT SANKALP KRISHI ABHIYAN

വികസിത കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ തുടരുന്നു. തുമ്പമൺ, പന്തളം എന്നിവിടങ്ങളിലാണ് ഇന്ന് ക്യാമ്പയിൻ. ഇതു കൂടാതെ ഓൺലൈൻ ക്യാമ്പയിനും നടക്കും. കോന്നി, വള്ളിക്കോട്, തണ്ണിത്തോട്, മലയാലപ്പുഴ എന്നീ പ്രദേശങ്ങളിലായിരുന്നു ഇന്നലെ ക്യാമ്പയിൻ നടന്നത്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ, ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ പത്തനംതിട്ട എന്നിവ സംയുക്തമായാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

****************

## Donald Trump

അമേരിക്കൻ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി സ്റ്റീൽ ഇറക്കുമതിയുടെ തീരുവ 25 ശതമാനത്തിൽ നിന്ന് 50 ശതമാനമായി വർദ്ധിപ്പിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. പിറ്റ്സ്ബർഗിൽ പെൻസിൽവാനിയ സ്റ്റീൽ തൊഴിലാളികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പിറ്റ്സ്ബർഗിന്റെ കരുത്തും അഭിമാനവും കൊണ്ടാണ് അമേരിക്കയുടെ ഭാവി കെട്ടിപ്പടുക്കേണ്ടതെന്ന് ട്രംപ് പറഞ്ഞു.

***************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇടം ഉറപ്പിച്ച് മുംബൈ ഇന്ത്യൻസ്. ഗുജറാത്ത് ടൈറ്റൻസിനെ 20 റൺസിന് പരാജയപ്പെടുത്തിയാണ് നേട്ടം. നാളെ നടക്കുന്ന രണ്ടാം ക്വാളിഫയറിൽ പഞ്ചാബ് കിംഗ്സാണ് മുംബൈയുടെ എതിരാളി. ജൂൺ 3 നാണ് ഫൈനൽ.

***************

## ASIAN GAMES

ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരം ഗുൽവീർ സിംഗ് രണ്ടാം സ്വർണ്ണം നേടി. പുരുഷന്മാരുടെ 5,000 മീറ്റർ ഓട്ടത്തിലാണ് 2015 ലെ മുൻ റെക്കോർഡ് മറികടന്ന് ഗുൽവീർ സിംഗ് സ്വർണം നേടിയത്. വനിതകളുടെ ഹൈജമ്പിലും, ഹെപ്റ്റാത്തലണിലും ഇന്ത്യൻ താരങ്ങൾ സ്വർണ മെഡൽ സ്വന്തമാക്കി.

***************

## EZHIMALA Naval Academy

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ ദക്ഷിണ നാവികസേന മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ് മുഖ്യാതിഥിയായി. രാജ്യത്തിനുവേണ്ടി സേവനമനുഷ്ഠിക്കുന്നത് അഭിമാനത്തോടെയും ബഹുമാനത്തോടെയും ആയിരിക്കണമെന്ന് വൈസ് അഡ്മിറൽ ശ്രീനിവാസ് പറഞ്ഞു. 42 വനിതകൾ ഉൾപ്പെടെ 187 കാഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്.

***************

***************

******